## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 179** **03.10. 2011-ൽ മറുപടിക്ക്.**

### കോടതികളിലെ അടിസ്ഥാന സൗകര്യവികസനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. പാലോട് രവി | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ കോടതികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;<br><br>(ബി) ഇവയുടെ വികസനത്തിന് എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് ; | : (എ) & (ബി)<br>കോടതികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കോടതി മന്ദിരങ്ങൾ നിർമ്മിക്കുന്നതിനും ജുഡീഷ്യൽ ഓഫീസർമാർക്ക് ക്വാർട്ടേഴ്സ് പണിയുന്നതിനും സംസ്ഥാന/കേന്ദ്ര സർക്കാർ താഴെപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഓഫീസ് ഉപകരണങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ, ഫർണീച്ചർ തുടങ്ങിയവ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആവശ്യാനുസരണം അനുവദിച്ചു നൽകിയിട്ടുണ്ട്.<br><br>വിവിധ കോടതി മന്ദിരങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയ പ്രോജക്ടുകളുടെ ഒരു പട്ടിക അനുബന്ധം ആയി ചേർക്കുന്നു. അത്തരത്തിൽ 3331 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് ഇതിനകം നൽകിയിട്ടുള്ളത്. കോടതികളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പരിപാടിക്ക് 75% കേന്ദ്ര സഹായം ലഭിക്കും. 25% സംസ്ഥാന സർക്കാർ വഹിക്കണം. സബോർഡിനേറ്റ് കോടതികളിൽ ഡീസൽ ജനറേറ്റർ സ്ഥാപിക്കുന്നതിലേയ്ക്കായി 92,95,000/- രൂപയുടെയും ഇ-കോർട്ട് പദ്ധതിയുടെ ഭാഗമായി ജില്ലാ കോടതികളിൽ "technical man power' വിന്യസിക്കുന്നതിലേയ്ക്കായി 28,14,536/-രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. |

൧

(മറുപുറം.......2)

(സി) സംസ്ഥാനത്തെ കോടതികളിൽ വക്കീൽ, ഗുമസ്ഥൻമാർ എന്നിവർക്കുള്ള ജോലിസ്ഥലവും കക്ഷികൾക്ക് പ്രാഥമിക സൗകര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തുമോ ;

(ഡി) എങ്കിൽ എത്ര കോടതികളിലാണ് ഈ സൗകര്യങ്ങൾ ഉടൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ഇ) ഇതിനുള്ള തുക എവിടെ നിന്നാണ് കണ്ടെത്താൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

: (സി), (ഡി) & (ഇ)

കേരള ലീഗൽ ബെനഫിറ്റ് ഫണ്ട് സ്കീം നടപ്പിലാക്കുന്നതിന്റെ ഭാഗമായി അഭിഭാഷകർക്കും ക്ലർക്കുമാർക്കും ജോലി ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനും വ്യവഹാരികൾക്ക് പ്രാഥമിക സൗകര്യം ഏർപ്പെടുത്തുന്നതിനും സർക്കാർ ഉത്തരവ് (സാധാ) 507/11/നിയമം തീയതി 15.06.2011 പ്രകാരം 112.91 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 18 കോടതികളിലാണ് ഈ സൗകര്യം ഏർപ്പെടുത്താൻ ഉത്തരവായിട്ടുള്ളത്.

സെക്ഷൻ ഓഫീസർ

അനുബന്ധം

| Sl. No. | Name of Work | Estimate Amount (in lakh) |
|---|---|---|
| 1 | Construction of building at Sub Court, Payyannur, Thalassery | 185 |
| 2 | Court Complex, Kottarakakra | 516 |
| 3 | Construction of Munsiff Magistrate Court,Sasthamcotta | 90 |
| 4 | Malabar package - construction of court building in Munsiff Court premises, Thaliparamba, Thalassery | 185 |
| 5 | Construction of complex, Tirur, Manjeri | 190 |
| 6 | Court Complex, Ernakulam | 1870 |
| 7 | Court Complex, Alappuzha 'A' Block | 250 |
| 8 | Judicial Quarters at Quilandy, Kozhikode | 45 |

Section Officer